പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *74

10/2/2016-ലെ മറുപടിയ്ക്ക്

## നോക്കുകൂലി പ്രശ്ന പരിഹാര പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ജോസഫ് വാഴയ്ക്കൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി) |
| (എ) നോക്കുകൂലി പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ ; | (എ) നോക്കുകൂലി പ്രശ്നം പരിഹരിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. മലപ്പുറം, പാലക്കാട് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇത് സംബന്ധിച്ച ചർച്ചകൾ നടന്നുവരികയാണ്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി) സംസ്ഥാനമൊട്ടാകെയുള്ള നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർമ്മാർജ്ജനം ചെയ്യുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. |
| സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | സി) ഓരോ വിഭാഗത്തിനുമുള്ള ഏകീകൃത കയറ്റിറക്ക് കൂലി ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ടി കൂലി നോക്കി, എസ്.ബി.റ്റി.യുടെ ബ്രാഞ്ചുകളിൽ പണമടച്ച് |

അവിടുന്നുള്ള രസീത് ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്ന താണ്. നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾസെന്റർ ആരംഭിച്ചിട്ടുണ്ട്. 1800-42-555-214/155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കിയ തുക തിരികെ വാങ്ങി നൽകുകയും തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ